പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**പി.എം.ജി.എസ്സ്.വൈ രണ്ടാം ഘട്ടം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3209 — 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പി.എം.ജി.എസ്സ്.വൈ. രണ്ടാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്; | (എ) | 570 കി.മീറ്റർ റോഡ്. |
| (ബി) | ആയത് അനുവദിച്ചത് എന്നാണെന്നും ഇതുവരെ എത്ര കിലോമീറ്റർ റോഡ് പൂർത്തിയായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ; | (ബി) | മുൻ കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇത് അനുവദിച്ചത്. പ്രസ്തുത റോഡുകൾക്ക് അനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഈ വർഷം ആദ്യം എത്ര രൂപയാണ് കേന്ദ്രസർക്കാർ തന്നിട്ടുള്ളത്; ഈ തുക പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് പര്യാപ്തമാണോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പി.എം.ജി.എസ്സ്.വൈ. രണ്ടാം ഘട്ടത്തിന് പദ്ധതിയിൽ നാളിതുവരെ കേന്ദ്ര സർക്കാർ തുക ഒന്നും നൽകിയിട്ടില്ല. |
| (ഡി) | തുക വർദ്ധിപ്പിച്ചു തരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ